# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6550 08.11.2016 - ൽ മറുപടിക്ക്

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.വിൻസെന്റ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ നൂറിലധികം ഒഴിവുകൾ നിലവിലുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | ഇല്ല. എന്നാൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 2 ഒഴിവുകളും ആരോഗ്യ വകുപ്പിൽ 37 ഒഴിവുകളും നിലവിലുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പി.എസ്.സി വഴി ടി ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | തിരുവനന്തപുരം ജില്ലയിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 20 ലധികം ഒഴിവുകൾ നിലവിലുള്ള സാഹചര്യത്തിൽ പകർച്ചവ്യാധി നിയന്ത്രണം സാധ്യമാകുന്നതെങ്ങ നെയെന്ന് വിശദമാക്കുമോ; | ബി) | തിരുവനന്തപുരം ജില്ലയിൽ നിലവിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 17 ഒഴിവുകളാണുള്ളത്. നിലവിലുള്ള ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് അധിക ചുമതലകൾ നൽകിയാണ് പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾ നടപ്പാക്കുന്നത്. |
| സി) | ആരോഗ്യവകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II പ്രൊമോഷൻ നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രൊമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | സി) | ഉണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I-ൽ നിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് ബഹു. കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. കോടതിയിൽ നിന്നുള്ള അന്തിമവിധി അനുസരിച്ച് പ്രൊമോഷൻ നടത്തുന്നതാണ്. |
| ഡി) | പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള വരിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കു വാൻ തയ്യാറാകുമോ? | ഡി) | പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവുകൾ നികത്തി വരുന്നു. |

സെക്ഷൻ ഓഫീസർ